**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോഴിക്കോട് നഗരസഭാ കാര്യാലയത്തിലും ഹെൽത്ത് വിഭാഗത്തിന്റെ 17-ാം സർക്കിൾ ഓഫീസിലും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധന- ഹെൽത്ത് സർക്കിൾ ജീവനക്കാരായിരുന്ന ശ്രീ. പി. ഹരിദാസൻ, ശ്രീ. ടി ചന്ദ്രൻ, ശ്രീ. വി.കെ പ്രമോദ് എന്നിവർക്കെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2985/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 23.11.2018

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.07.2012 തീയതിയിലെ ഇ 12(എസ്.സി 07/12/KKD) 12433/2012 നം. കത്ത്

2. സർക്കാരിന്റെ 13.12.2016 തീയതിയിലെ 59112/ഇയു2/12/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. ഹെൽത്ത് സർക്കിൾ ജീവനക്കാരായിരുന്ന ശ്രീ. പി. ഹരിദാസൻ, ശ്രീ. ടി ചന്ദ്രൻ, ശ്രീ. വി.കെ പ്രമോദ് എന്നിവർ സമർപ്പിച്ച പ്രതിവാദപത്രിക.

4. നഗരകാര്യഡയറക്ടറുടെ 10.10.2018 തീയതിയിലെ വി2-158/2014 നമ്പർ കത്ത്

## ഉത്തരവ്

'ഓപ്പറേഷൻ ടു ടയർ' എന്ന പേരിൽ വിജിലൻസ് വിഭാഗം 27/02/2012 തീയതിയിൽ വിവിധ നഗരസഭകളിൽ നടത്തിയ പരിശോധനയുടെ ഭാഗമായി കോഴിക്കോട് നഗരസഭാ കാര്യാലയത്തിലും ഹെൽത്ത് വിഭാഗത്തിന്റെ 17-ാം സർക്കിൾ ഓഫീസിലും മിന്നൽ പരിശോധന നടത്തി നൽകിയ റിപ്പോർട്ടിൽ ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകരെ സർക്കിൾ ഓഫീസിലും നഗരസഭാ കാര്യാലയത്തിലും നിരന്തരം, നിർബന്ധപൂർവ്വം വരുത്തേണ്ട അവസരം ഉണ്ടാക്കുന്നതായി കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ കോഴിക്കോട് നഗരസഭ 17-ാം ഹെൽത്ത് സർക്കിൾ ജീവനക്കാരായിരുന്ന ശ്രീ. പി. ഹരിദാസൻ, ശ്രീ. ടി ചന്ദ്രൻ, ശ്രീ വി.കെ പ്രമോദ് എന്നിവർക്ക് പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ടിയാളുകൾ പരാമർശം 3 പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം ടിയാളുകൾ സമർപ്പിച്ച പ്രതിവാദപത്രിക പ്രകാരം വിശദമായി പരിശോധിച്ചു. ശ്രീ. പി. ഹരിദാസൻ, ശ്രീ. ടി ചന്ദ്രൻ, ശ്രീ. വി.കെ പ്രമോദ് എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC&A) റൂൾ 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്. ആയതിനാൽ കോഴിക്കോട് നഗരസഭ 17-ാം ഹെൽത്ത് സർക്കിൾ ജീവനക്കാരായിരുന്ന ശ്രീ. പി. ഹരിദാസൻ, ശ്രീ. ടി ചന്ദ്രൻ, ശ്രീ. വി.കെ പ്രമോദ് എന്നിവർക്കെതിരെ കണ്ടെത്തിയ

ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (ഭരണം) ശ്രീ. ബി.കെ.ബാലരാജ് എന്ന ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. ബി.കെ.ബാലരാജ്, ജോയിന്റ് ഡയറക്ടർ(ഭരണം),നഗരകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ